"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗവൺമെന്റ് സെക്രട്ടേറിയറ്റ് - നിയമ വകുപ്പ് - നിയമസഭാ സെക്രട്ടേറിയേറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. വിഷ്ണു എം ആർ.-ന് തൃശ്ശൂർ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിൽ സെക്രട്ടറി തസ്തികയിൽ അന്യത്രസേവനം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.825/2026/LAW തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:-

1. സ.ഉ (സാധാ) നം. 511/2026/നിയമം തീയതി 06.05.2026 ഉത്തരവ്
2. കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 05.06.2026-ാം തീയതിയിലെ 9/ഡി/2026/കെൽസ നമ്പർ കത്ത്.

<u>ഉത്തരവ്</u>

നിയമസഭാ സെക്രട്ടേറിയേറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. വിഷ്ണു എം ആർ.-ന് തൃശ്ശൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റിയിൽ പരാമർശം (1) പ്രകാരം സെക്രട്ടറി തസ്തിയിൽ അന്യത്രസേവനം അനുവദിച്ചിരുന്നു.

ശ്രീ. വിഷ്ണു എം. ആർ.-ന് അന്യത്രസേവനം അനുവദിച്ചിട്ടുള്ള തസ്തികയിൽ വ്യക്തിപരമായ കാരണങ്ങളാൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലായെന്നും പരാമർശം (1)- ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നും പരാമർശം (2) പ്രകാരം കേരള സംസ്ഥാന നിയമ സേവന അതോറിറ്റി മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിയമസഭാ സെക്രട്ടേറിയേറ്റിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീ. വിഷ്ണു എം ആർ.-ന് തൃശ്ശൂർ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിൽ സെക്രട്ടറി തസ്തികയിൽ അന്യത്രസേവനം അനുവദിച്ചുകൊണ്ടുള്ള പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ജി സനൽ കുമാർ
നിയമ സെക്രട്ടറി

പകർപ്പ്.-

1.മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി,
നിയമസഹായ ഭവൻ, ഹൈക്കോടതി കാമ്പസ്, കൊച്ചി 682 031.

2.സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

3.ശ്രീ. വിഷ്ണു എം ആർ, സെക്രട്ടറി, തൃശ്ശൂർ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി (കെൽസ മെമ്പർ സെക്രട്ടറി മുഖേന).

4.അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

5.ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

6..ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ.

7.നിയമ സെക്രട്ടറിയുടെ പി.എ.

8.ജോയിന്റ് സെക്രട്ടറിയുടെ സി.എ, നിയമ (എച്ച്) വകുപ്പ്.

9.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ&പി.ആർ.ഡി.

10.സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

Digitally signed by
Justin J P
Date: 27-07-2026
10:10:40